शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2015–16

സ്റ്റാൻന്റേർഡ് :IV    വിഷയം: ഗണിതം    സമയം : 2 മണിക്കൂർ
ആകെ സ്കോർ : 25

| നമ്പർ | പ്രവർത്തനത്തിന്റെ പേര് | ഗ്രേഡ് |
|---|---|---|
| 1 | പ്രശ്നോത്തരി | |
| 2 | ലൈബ്രറിയും പുസ്തകങ്ങളും | |
| 3 | കലണ്ടർ കൗതുകം | |
| 4 | തീവണ്ടി സമയം | |
| 5 | കൈത്താങ്ങ് | |
| | ഓവറോൾ ഗ്രേഡ് | |

കുട്ടിയുടെ പേര് :

വിദ്യാലയത്തിന്റെ പേര് :

ടീച്ചറുടെ പേരും ഒപ്പും :

രക്ഷിതാവിന്റെ പേരും ഒപ്പും :

വിവേകപുരം എൽ പി സ്കൂളിൽ ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ നടന്ന പ്രശ്നോത്തരിയിൽ അനുവിന് ലഭിച്ച ചോദ്യങ്ങൾ താഴെ കൊടുക്കുന്നു. ശരിയായ ഉത്തരം കണ്ടെത്താൻ അനുവിനെ സഹായിക്കാമോ ?


സംഖ്യ എഴുതുക

1. 7 ആയിരം, 8 നൂറ്, 1 പത്ത്, 5 ഒന്ന്.

2. 5 ആയിരം, 4 പത്ത്.

3. 6 ആയിരം, 18 പത്ത്, 7 ഒന്നുകൾ.

അടുത്ത ചോദ്യം 4658 നെ വ്യത്യസ്ത രീതിയിൽ എഴുതാനായിരുന്നു. അനുവിനെ സഹായിക്കാമോ ?



പ്രവർത്തനം 2 - ലൈബ്രറിയും പുസ്തകങ്ങളും　　　　　　　　　　സമയം 20 മിനിറ്റ്

വിവേകപുരം എൽ പി സ്കൂളിലെ കുട്ടികൾ വായനാവാരത്തോടനുബന്ധിച്ച് സമീപ പ്രദേശങ്ങളിലെ ലൈബ്രറികൾ സന്ദർശിച്ചു. ഓരോ ലൈബ്രറിയിലേയും പുസ്തകങ്ങളുടെ എണ്ണം താഴെ കൊടുക്കുന്നു.

| ലൈബ്രറിയുടെ പേര് | പുസ്തകങ്ങളുടെ എണ്ണം |
|---|---|
| ഗാന്ധിസ്മാരക ലൈബ്രറി | 7815 |
| വീര പഴശ്ശി ലൈബ്രറി | 6342 |
| വിവേകോദയം വായനശാല | 7841 |
| പുലരി ആർട്സ് ക്ലബ്ബ് | 3879 |
| നവചേതന ഗ്രന്ഥശാല | 9103 |
| സ്വാതിതിരുനാൾ ലൈബ്രറി | 6378 |

1. ഏറ്റവും കൂടുതൽ പുസ്തകങ്ങളുള്ള ലൈബ്രറിയുടെ പേര്

2. ഏറ്റവും കുറവ് പുസ്തകങ്ങളുള്ള ലൈബ്രറിയുടെ പേര്

3. ലൈബ്രറിയിലെ പുസ്തകങ്ങളുടെ എണ്ണം കുറഞ്ഞതിൽ നിന്നും കൂടിയതിലേക്ക് എന്ന ക്രമത്തിൽ എഴുതുക.

പ്രവർത്തനം 3 - കലണ്ടർ കൗതുകം — സമയം 30 മിനിറ്റ്

വിവേകപുരം സ്കൂളിൽ ഗാന്ധിജയന്തി ആഘോഷത്തെക്കുറിച്ച് ആലോചന നടക്കുകയാണ്. പരിസ്ഥിതി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സേവനവാരം നടത്തണം. ഒരു കലണ്ടർ വേണം. മീനുവിന് കിട്ടിയത് ഭാഗികമായി അച്ചടിപതിഞ്ഞതും കീറിയതുമായ ഒരു കലണ്ടറാണ്. ആ കലണ്ടറിന്റെ ഭാഗം താഴെ കൊടുക്കുന്നു.

2015 ഒക്ടോബർ

| വ്യാഴം | | ശനി |
|---|---|---|
| 1 | | |
| | 9 | |
| | | |

1. 2015 ലെ ഗാന്ധിജയന്തി ഏത് ദിവസമാണ് ?


2. 2015 ഒക്ടോബർ മാസത്തെ ആദ്യ ഞായറാഴ്ച എത്രാം തിയ്യതിയിലായിരിക്കും ?

3. 2015 സെപ്തംബർ മാസം 29 - ാം തിയ്യതി ഏത് ദിവസമാണ് ?

4. കലണ്ടർ ഭാഗത്തെ വിട്ടുപോയ കോളങ്ങൾ പൂരിപ്പിക്കുക.


1. നേത്രാവതി എക്സ്പ്രസ്സ് രാവിലെ തിരുവനന്തപുരത്തു നിന്ന് പുറപ്പെട്ട സമയം ക്ലോക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ക്ലോക്ക് നോക്കി സമയം എഴുതുക.




2. നേത്രാവതി എക്സ്പ്രസ്സ് 14.10 ന് എറണാകുളത്ത് എത്തി. ഈ സമയം 12 മണിക്കൂർ ക്ലോക്കിൽ എത്രയായിരിക്കും ?

3. എറണാകുളത്ത് നിന്ന് 80 മിനിറ്റ് കൂടി യാത്ര ചെയ്ത് വണ്ടി തൃശൂർ സ്റ്റേഷനിലെത്തി. തൃശൂർ സ്റ്റേഷനിലെത്തിയ സമയം ക്ലോക്കിൽ വരച്ചു കാണിക്കുക.




4. നേത്രാവതി എക്സ്പ്രസ്സ് തിരുവനന്തപുരത്തുനിന്ന് തൃശൂർ എത്താൻ വേണ്ടി വന്ന ആകെ സമയം എഴുതുക.